# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 724 10.02.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

## 'സൗജന്യ ക്യാൻസർ പദ്ധതി'

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴക്കൻ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൗജന്യ ക്യാൻസർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ 'സുകൃതം'പദ്ധതി പ്രകാരം കേരളത്തിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള എല്ലാ പരിശോധനകളും ചികിത്സകളും സൗജന്യമായി നൽകി വരുന്നു.കൂടാതെ ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.സി.സി യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യചികിത്സ ലഭ്യമാണ്.കാരുണ്യ ബനവലന്റ് ഫണ്ട് പ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 2 ലക്ഷം രൂപ വരെ സൗജന്യചികിത്സ,പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യചികിത്സ,സമഗ്രആരോഗ്യഇൻഷുറൻസ് പദ്ധതി പ്രകാരം ചിസ് പ്ലസ് കാർഡുള്ളവർക്ക് 70,000 രൂപ വരെയുള്ള സൗജന്യചികിത്സ,കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ആരോഗ്യ നിധി പ്രകാരം നഗര-ഗ്രാമ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെയും ചികിത്സാ ആനുകൂല്യം തുടങ്ങിയവ ലഭ്യമാണ്. |
| (ബി) | എന്തെല്ലാം | (ബി) | ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന എല്ലാ ജനങ്ങൾക്കും ക്യാൻസർ |

| | | | |
|---|---|---|---|
| | ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | | സൗജന്യമാക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ,മലബാർ ക്യാൻസർ സെൻറർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമായിട്ടുള്ളത് ആർ.എസ്.ബിവൈ/ കാരുണ്യ/ താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയ ശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതരത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | സുകൃതംപദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേരള ക്യാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ധനസമാഹരണത്തിനും വിനിയോഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽനോഡൽ ഓഫീസർമാരെ പ്രത്യേകിക്കുകയും(പി.ആർ.ഒ) ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും കോർപ്പസ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ